**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 230** **23-08-2022 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് മെഡിക്കൽ കോളേജ് വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് മെഡിക്കൽ കോളേജിൽ 2011-2016, 2016-2022 കാലയളവിൽ പി.എസ്.സി. വഴിയുള്ള നഴ്സുമാരുടെ എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | കോഴിക്കോട് മെഡിക്കൽ കോളേജിൽ 2011-16 കാലയളവിൽ 75 ഉം 2016-22 ൽ 243 ഉം നഴ്സുമാരുടെ പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. |
| (ബി) | അവിടെ അതേ കാലയളവിൽ ആശുപത്രി വികസന സമിതി, നാഷണൽ ഹെൽത്ത് മിഷൻ എന്നിവ വഴി താൽക്കാലിക നഴ്സുമാരുടെ എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചുവെന്ന് വ്യക്തമാക്കുമോ; | (ബി) | 2011-16 കാലയളവിൽ ആശുപത്രി വികസന സമിതി വഴി 34 ഉം 2016-22 -ൽ 69 ഉം നാഷണൽ ഹെൽത്ത് മിഷൻ വഴി 2011-16 കാലയളവിൽ 2 ഉം 2016-22-ൽ 38 ഉം നഴ്സുമാരെ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നതിന് നിയോഗിച്ചിട്ടുണ്ട്. |
| (സി) | സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക്, റ്റി.സി.സി (കാൻസർ വിഭാഗം) ബ്ലോക്ക് എന്നിവ നിലവിൽ വന്നശേഷം അവിടേയ്ക്ക് നഴ്സുമാരുടെയും മറ്റ് ജീവനക്കാരുടെയും തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് സംബന്ധിച്ച ശിപാർശ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക്, റ്റി.സി.സി (കാൻസർ വിഭാഗം) ബ്ലോക്ക് എന്നീ സ്ഥാപനങ്ങളിലേയ്ക്ക് നിലവിൽ പ്രത്യേകമായി തസ്തികകൾ സൃഷ്ടിച്ചിട്ടില്ല. തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശിപാർശ, സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ